ഇ.ഡി.റ്റി.എ., എം.ഒ.എ.റ്റി.എസ്. എന്നീ പേരുകളിൽ അനധികൃത ചികിൽസ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി

96 [3147] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പട്ടണ പ്രദേശങ്ങളിൽ ഹൃദ്രോഗത്തിനും, പക്ഷാഘാതത്തിനും, പ്രമേഹത്തിനും മറ്റുമുള്ള ഫലപ്രദമായ ചികിൽസയാണെന്നു പ്രചരിപ്പിച്ച് ഇ.ഡി.റ്റി.എ. കീലേഷൻ എം.ഒ.എ.റ്റി.എസ്. എന്നീ പേരുകളിൽ നടത്തുന്ന അനധികൃത ചികിൽസ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ആരുടെയൊക്കെ ഉടമസ്ഥതയിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഈ അനധികൃത ചികിൽസ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത ചികിൽസ നടത്തുന്ന പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ഏതെങ്കിലും വ്യക്തി, വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതി സംബന്ധിച്ച് അഡീഷണൽ ഡ്രഗ്സ് കൺട്രോളറോ, ആരോഗ്യ വകുപ്പോ പരാതിക്കാരനായ വ്യക്തിയോടും ചികിത്സയ്ക്ക് വിധേയരായ വ്യക്തികളോടും തെളിവെടുക്കുന്നതിന് തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ചികിത്സ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുള്ളത് ആരോഗ്യ വകുപ്പിലെ ഏതൊക്കെ ഉദ്യോഗസ്ഥൻമാരാണ്;

(ഇ) ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ചികിൽസാ രീതികൾ ഭാരതസർക്കാരോ ലോകാരോഗ്യ സംഘടനയോ അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എ.കെ. ജോൺ, എം.പി.എ. ചെയർമാൻ, ചെറിയാൻ ആശ്രമം ആന്റ് ആയുർവേദിക് റിസോർട്ട്, കോട്ടയം എന്ന വിലാസത്തിലുള്ള സ്ഥാപനം മേൽപ്പറഞ്ഞ ചികിൽസ നടത്തുന്നുണ്ട് എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പരാതി ലഭിച്ചിട്ടുണ്ട്. പരാതി സംബന്ധിച്ച് ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) പരാതിക്കാരെയും ഉൾപ്പെടുത്തി അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ആരോഗ്യവകുപ്പിൽനിന്നും ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്), ജില്ലാ മെഡിക്കൽ ഓഫീസർ (കോട്ടയം), കാർഡിയോളജിസ്റ്റ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്നിവരടങ്ങിയ സംഘം ആണ് അന്വേഷണം നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനുബന്ധമായി വച്ചിരിക്കുന്നു.†

(എഫ്) അംഗീകാരം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അൾട്രാസോണിക് കട്ടിംഗ് ആൻഡ് കൊയാഗുലേഷൻ ഡിവൈസ്

97 [3148] ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. കെ. ബാബു:
„ ലൂഡി ലൂയിസ്:
„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജാശുപത്രികളിൽ അൾട്രാസോണിക് കട്ടിംഗ് ആൻഡ് കൊയാഗുലേഷൻ ഡിവൈസ് എന്ന യന്ത്രം വാങ്ങുവാനുദ്ദേശിക്കുന്നു.

(ബി) ഏതെല്ലാം കമ്പനികൾ ക്വട്ടേഷൻ സമർപ്പിച്ചു;

(സി) ഓരോ ക്വട്ടേഷനിലും പറഞ്ഞിട്ടുള്ള തുകയെത്ര;

(ഡി) ഈ യന്ത്രത്തിന്റെ വിലയുടെ ഇരട്ടിവില മെഡിക്കൽ കോളേജ് ആശുപത്രികൾ ക്ഷണിച്ച ടെണ്ടറുകളിൽ കോട്ടു ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഈ യന്ത്രം വാങ്ങുന്നതിന് ഉദ്ദേശിക്കുന്നു.

(ബി ആന്റ് സി)

തിരുവനന്തപുരം മെഡിക്കൽ കോളേജ്

സൗത്ത് ഇൻഡ്യ സർജിക്കൽസ്	— 12,85,000	രൂപ
ഹാമിൽട്ടൺ & ബെയ്ലി	— 21,30,100	„
വഞ്ചിനാട് മെഡിക്കൽ ആന്റ് സർജിക്കൽസ്	— 24,00,000	„
ഇൻഡസ്ട്രിയൽ ആന്റ് ലബോറട്ടറി എക്യൂപ്മെന്റ്സ്	— 25,50,000	„

കോട്ടയം മെഡിക്കൽ കോളേജ്

വഞ്ചിനാട് മെഡിക്കൽ ആന്റ് സർജിക്കൽസ്	— 24,00,000	„
സൗത്ത് ഇൻഡ്യ സർജിക്കൽസ്	— 12,85,000	„
ഹാമിൽട്ടൺ & ബെയ്ലി	— 21,30,100	„

കോഴിക്കോട് മെഡിക്കൽ കോളേജ്

ഹാമിൽട്ടൺ & ബെയ്ലി	— 21,30,100	രൂപ
സൗത്ത് ഇൻഡ്യ സർജിക്കൽസ്	— 12,45,000	„
വഞ്ചിനാട് മെഡിക്കൽസ് ആന്റ് സർജിക്കൽസ്	— 24,00,000	„

(ഡി) ഏറ്റവും കുറഞ്ഞ വില 12,45,000 രൂപയും കൂടിയ വില 25,50,000 രൂപയും ആണ് കോട്ട് ചെയ്തിരിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly